**പതിനഞ്ചാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *28 27/06/2022-ൽ മറുപടിയ്ക്ക്

**'ലൈഫ് പദ്ധതി'**

**ചോദ്യം** **മറുപടി**

**ശ്രീമതി ദെലീമ**

**ശ്രീ എ. സി. മൊയ്തീൻ**

**ശ്രീമതി ശാന്തകുമാരി കെ.**

**ശ്രീ. എൻ.കെ. അക്ബർ**

**എം.വി. ഗോവിന്ദൻ മാസ്റ്റർ**

(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ പ്രഖ്യാപിച്ച രണ്ട് നൂറുദിന പരിപാടികളിലൂടെ ലൈഫ് പദ്ധതിയിൽ എത്ര വീടുകൾ പൂർത്തീകരിച്ചു എന്ന വിവരം ലഭ്യമാണോ; എങ്കിൽ നൽകുമോ; പദ്ധതിലക്ഷ്യം നേടാനായോ എന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ പ്രഖ്യാപിച്ച രണ്ട് നൂറു ദിന പരിപാടികളിലൂടെ 32,875 വീടുകൾ ലൈഫ് പദ്ധതിയിലൂടെ പൂർത്തീകരിച്ചു. ഒന്നാം നൂറ് ദിന പരിപാടിയിലൂടെ 12,067 വീടുകളും രണ്ടാം നൂറുദിന പരിപാടിയിലൂടെ 20,808 വീടുകളും പൂർത്തീകരിച്ചുകൊണ്ട് പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചു. ഒന്നും രണ്ടും 100 ദിന പരിപാടികളിലൂടെ പൂർത്തീകരിച്ച വീടുകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം (1) മായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ലൈഫ് പദ്ധതിയിലൂടെ നാളിതുവരെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (ബി) | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. നാളിതുവരെ ലൈഫ് മിഷൻ മുഖേന 2,96,487 വീടുകളുടെ നിർമ്മാണം 20.06.2022 വരെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 2,62,131 വീടുകൾ മുൻ സർക്കാരിന്റെ കാലത്തും 34,356 വീടുകൾ ഈ സർക്കാരിന്റെ കാലത്തുമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം വ്യക്തമാക്കുമോ; പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ഗുണഭോക്താക്കളെ നിർണ്ണയിക്കുന്ന പ്രക്രിയ പൂർത്തിയായോ എന്നും അറിയിക്കുമോ? | (സി) | ലൈഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലൂടെ 2016-2021 കാലയളവിൽ 2,62,131 ഗുണഭോക്തൃ കുടുംബങ്ങൾക്ക് ഭവന നിർമ്മാണാനുകൂല്യം നൽകിയിട്ടുണ്ട്. 2021-26 കാലയളവിൽ ഒരു വർഷം ഒരു ലക്ഷം വീട് എന്ന കണക്കിൽ 5 വർഷം കൊണ്ട് 5 ലക്ഷം വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.<br>2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെപോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 9,20,260 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമിയുള്ള ഭവനരഹിതരുടെ 6,47,092 അപേക്ഷകളും ഭൂരഹിത ഭവനരഹിതരുടെ 2,73,168 അപേക്ഷകളും ഉൾപ്പെടുന്നു. ടി അപേക്ഷകൾ ഫീൽഡുതല പരിശോധന നടത്തിയതിൽ 3,79,069 ഭൂമിയുള്ള ഭവനരഹിതരും 2,02,620 ഭൂരഹിത ഭവനരഹിതരും അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ ഗുണഭോക്തൃ കുടുംബങ്ങളും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അനർഹർ ആരുംതന്നെ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഫീൽഡുതല പരിശോധന നടത്തിയ അപേക്ഷകൾ പുന:പരിശോധന നടത്തുകയുണ്ടായി. അതിൻപ്രകാരം 3,28,041 ഭൂമിയുള്ള ഭവനരഹിതരും 1,86,340 ഭൂരഹിത ഭവനരഹിതരും ഉൾപ്പെടെ 5,14,381 കുടുംബങ്ങൾ ഇതിനോടകം അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പുന:പരിശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്ക് ശേഷം വാർഡ്സഭ/ ഗ്രാമസഭ അംഗീകാര നടപടികൾ പൂർത്തിയാക്കി ലൈഫ് 2020 പ്രകാരമുള്ള അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

**അനുബന്ധം - 1**

സംസ്ഥാന സർക്കാരിന്റെ ഒന്നും രണ്ടും 100 ദിന പരിപാടിയിലുൾപ്പെടുത്തി പൂർത്തീകരിച്ച ലൈഫ് ഭവനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | 1-ാം 100 ദിന പരിപാടിയിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം | 2-ാം 100 ദിന പരിപാടിയിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 1440 | 1,441 |
| 2 | കൊല്ലം | 1310 | 1,989 |
| 3 | പത്തനംതിട്ട | 502 | 845 |
| 4 | ആലപ്പുഴ | 941 | 1,734 |
| 5 | കോട്ടയം | 866 | 1,444 |
| 6 | ഇടുക്കി | 1134 | 919 |
| 7 | എറണാകുളം | 809 | 2,042 |
| 8 | തൃശ്ശൂർ | 914 | 1,791 |
| 9 | പാലക്കാട് | 1350 | 1,788 |
| 10 | മലപ്പുറം | 1169 | 1,843 |
| 11 | കോഴിക്കോട് | 527 | 1,081 |
| 12 | വയനാട് | 406 | 1,542 |
| 13 | കണ്ണൂർ | 255 | 1,424 |
| 14 | കാസർഗോഡ് | 444 | 925 |
| | ആകെ | 12,067 | 20,808 |

**അനുബന്ധം - 2**

ലൈഫ് മിഷൻ മുഖേന പൂർത്തീകരിച്ച വീടുകളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 41,187 |
| കൊല്ലം | 24,853 |
| പത്തനംതിട്ട | 8,065 |
| ആലപ്പുഴ | 21,479 |
| കോട്ടയം | 11,751 |
| ഇടുക്കി | 18,836 |
| എറണാകുളം | 22,064 |
| തൃശ്ശൂർ | 21,773 |
| പാലക്കാട് | 33,494 |
| മലപ്പുറം | 27,150 |
| കോഴിക്കോട് | 21,638 |
| വയനാട് | 20,124 |
| കണ്ണൂർ | 13,241 |
| കാസർഗോഡ് | 10,832 |
| ആകെ | 2,96,487 |